# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ

**എ.എ.എസ്. 10/2021 (**ചൊവ്വാഴ്ച**)** **തീയ്യതി: 02.02.2021**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 03.02.2021 | 04.02.2021 | 05.02.2021 | 06.02.2021 | 07.02.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 71 | 71 | 71 | 71 | 71 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 16 | 14 | 16 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 70 | 70 | 70 | 70 |
| മേഘവ്യാപ്തി (ഒക്ട) | 2 | 3 | 4 | 3 | 4 |

ജില്ലയിൽ വരും ദിവസങ്ങളിൽ മഴയ്ക്കുള്ള സാധ്യത കുറവാണ്. കൂടിയ താപനില 32 °C വരെയും കുറഞ്ഞ താപനില 24 °C വരെയും ആകാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: ബാഷ്പീകരണതോത് കൂടിയ സാഹചര്യമായതിനാൽ വിളകൾക്ക് ആവശ്യാനുസരണം നന നൽകി പുതയിട്ടു സംരക്ഷിക്കുക.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| പയർ | ചൂർണ്ണപൂപ്പ് | പച്ചക്കറികളിൽ ഉണ്ടാക്കാൻ സാധ്യതയുള്ള ചൂർണ്ണപൂപ്പു തടയുന്നതിനായി സൾഫർ 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക./ ട്രൈക്കോഡർമ 20g/l |
| നെല്ല് | ചാഴി | കതിര് നിരന്നുകൊണ്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ ചാഴിയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ നെൽപ്പാടങ്ങളിൽ ഈ സമയത്ത് ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക |
| മാവ് | തുള്ളൻ | മാവിനെ ആക്രമിക്കുന്ന തുള്ളനെയും പൂക്കുലയെ ബാധിക്കുന്ന പുഴുക്കളേയും നിയന്ത്രിക്കുന്നതിനായി 1% അസാഡിറാക്ടിൻ 2ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കുക |
| തെങ്ങ് | ഓലചീയൽ | തെങ്ങിൽ ഓലചീയൽ രോഗം വരാൻ സാധ്യതയുണ്ട്. കൂമ്പിലകളുടെ അഗ്രഭാഗങ്ങളിൽ നിന്ന് കറുത്ത നിറം വ്യാപിച്ചു ഉണങ്ങിപ്പോകുന്നതാണ് ഇതിന്റെ ലക്ഷണം. രോഗം ശ്രദ്ധയിൽപ്പെട്ടാൽ രോഗബാധയേറ്റ ഭാഗങ്ങൾ വൃത്തിയാക്കി 2 ml ഹെക്സകോണാസോൾ 300 ml വെള്ളത്തിൽ അല്ലെങ്കിൽ മാങ്കോസെബ് 75 WP 3 ഗ്രാം 300 ml വെള്ളത്തിൽ അല്ലെങ്കിൽ സ്യുഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെങ്ങിന്റെ കൂമ്പോലക്കു ചുറ്റും ഒഴിച്ചു കൊടുക്കുക |